(ഡി) കെ.എസ്.എഫ്.ഇ. ഇടപാടുകാരെ ചൂഷണങ്ങൾക്ക് വിധേയരാകുന്നില്ല. വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായി നൽകുകയും നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുകയുമാണ് കെ.എസ്. എഫ്.ഇ. ചെയ്തുവരുന്നത്.

(ഇ) കെ.എസ്.എഫ്.ഇ.-യിൽ ഹ്രസ്വകാല വായ്പകളിൽ മുതലിനേക്കാൾ പലിശ ഈടാക്കുന്നില്ല. എന്നാൽ ദീർഘകാല വായ്പയായി (15 വർഷം വരെ) അനുവദിച്ച് വരുന്ന ഭവന വായ്പയിൽ (NHFS Scheme) സ്വാഭാവികമായും മുതലിനേക്കാൾ പലിശ വരുന്നതാണ്. കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തന മേഖലയിൽ മുതലിനേക്കാൾ കൂടുതൽ പലിശ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികൾ സംബന്ധിച്ചും വിവിധ കോടതികളിൽ കെ.എസ്.എഫ്.ഇ.-ക്ക് എതിരെ ഇത്തരത്തിൽ നിലവിലുള്ള കേസുകൾ സംബന്ധിച്ചുമുള്ള വിവരം കെ.എസ്.എഫ്.ഇ.-യുടെ വിവിധ ബ്രാഞ്ചുകളിൽ, നിന്ന് ശേഖരിച്ച് നൽകുന്നതാണ്.

പുതിയ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ

176 (4167) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ ആവശ്യമായ എല്ലായിടത്തും ആരംഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇത്തരം ബ്രാഞ്ചുകളിലൂടെ ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പാക്കുമോ?

ഉത്തരം

(എ) കെ. എസ്. എഫ്. ഇ.-യുടെ സേവനം കേരളത്തിലെ മുഴുവൻ ജനങ്ങളിലും എത്തിക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ പഞ്ചായത്തിലും ശാഖകൾ ആരംഭിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി, 123 പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലും സാധ്യതാപഠനമനുസരിച്ച് പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കെ. എസ്. എഫ്. ഇ. സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനായി വർഷംതോറും രണ്ട് സവിശേഷ ചിട്ടി പദ്ധതികൾ, പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി, സ്ഥിര നിക്ഷേപം, ഹ്രസ്വകാല നിക്ഷേപം, സുഗമ സമ്പാദ്യ പദ്ധതി മുതലായവ കെ. എസ്. എഫ്. ഇ. നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly